## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 2567 09/05/2017-ൽ മറുപടിക്ക്

## രാഷ്ട്രീയ കൃഷി വികാസ് യോജന - പ്രവർത്തനങ്ങൾ - ഫലപ്രാപ്തി

**ചോദ്യം**

ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. എ.എൻ.ഷംസീർ
ശ്രീ.കെ.വി.. വിജയദാസ്
ശ്രീ. മുരളി പെരുനെല്ലി

**ഉത്തരം**

ശ്രീ. വി.എസ് .സുനിൽ കുമാർ
(ബഹു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയുടെ വികസന-ത്തിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പി ലാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | കേന്ദ്രസർക്കാർ കാർഷികമേഖലയുടെ സുസ്ഥിരവികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ താഴെപറയുന്ന കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായമായി 60% കേന്ദ്രവിഹിതം ലഭ്യമാക്കുന്നു. 40% സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള തുക സംസ്ഥാന സർക്കാർ ലഭ്യമാക്കിക്കൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ പദ്ധതികൾ കേരളത്തിന്റെ കാർഷിക മേഖലയുടെ വികസനം ലക്ഷ്യമിടുന്നു.<br>• നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി (NHM) (ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്രവികസനം)<br>• പ്രാദേശിക തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുന്ന പദ്ധതി (ERCN), സബ്മിഷൻ ഓൺ സീഡ്സ് & പ്ലാന്റിംഗ് മെറ്റീരിയൽ പദ്ധതി |

| | | | |
|---|---|---|---|
| | | | (SMSP), (അത്യുല്പാദന ശേഷിയുള്ള ഗുണമേന്മയുള്ള നെൽ വിത്തുക്കൾപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദന വിതരണം)<br>• ദേശീയ ബയോഗ്യാസ് പദ്ധതി (NBMMP) (പരിസ്ഥിതിക്കിണങ്ങുന്ന പാചകവാതകം ലഭ്യമാക്കൽ)<br>• ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (NFSM) നെല്ല്, പയർ (നെൽ കൃഷി മേഖലയുടെയും പയർ കൃഷി മേഖലയുടെയും സമഗ്രവികസനം)<br>• ആത്മ പദ്ധതി (SMAE) (നൂതന കാർഷിക വിജ്ഞാന വ്യാപന പ്രവർത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കർഷകർക്കും വിജ്ഞാന വ്യാപന പ്രവർത്തകർക്കും വിവിധതലങ്ങളിൽ പരിശീലനം നൽകുന്നു.)<br>• നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം (NMOOP) (എണ്ണപ്പന കൃഷിയുടെ വ്യാപനം)<br>• രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) (കാർഷിക മേഖലയുടെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പ്രോജക്ട് അടിസ്ഥാനത്തിൽ കൃഷി അനുബന്ധ രേഖകൾ ഉൾപ്പെടുത്തികൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്)<br>• പരമ്പരാഗത കൃഷി വികാസ് യോജന (PKVY) (ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹനം-പി.ജി.എസ് സർട്ടിഫിക്കേഷൻ)<br>• പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) (എല്ലാ കൃഷി യിടങ്ങൾക്കും ജലലഭ്യത |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിലൂടെ കാർഷിക മേഖലയിൽ ഉയർന്ന ഉൽപാദനവും ഉൽപാദനക്ഷമതയും കൈവരിക്കുക.<br>• മണ്ണിന്റെ ആരോഗ്യപരിപാലനം (മണ്ണിന്റെ ആരോഗ്യ സുരക്ഷ സോയിൽ ഹെൽത്ത് കാർഡ പദ്ധതി).<br>• സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (SMAM) (കൃഷി ലാഭകരമാക്കുന്നതിന് കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയും കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനും പരിശീലനം നൽകുകയും കസ്റ്റംഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നു).<br>• റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി (RAD) (കാർഷിക അനുബന്ധ മേഖല ഉൾപ്പെടെയുള്ള സമഗ്രമായ വൃഷ്ടിപ്രദേശ വികസനം).<br>• കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതി (പ്രധാനമന്ത്രി ഫസൽ ബീമാ യോജനാ പദ്ധതി - കൃഷിക്കായി ബാങ്കുകൾ മുഖേന വായ്പ എടുക്കുന്ന കർഷകർക്ക് പ്രാധാന്യം നൽകികൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കുന്ന വായ്പ എടുക്കുന്ന കർഷകരുടെ വായ്പ തുകയിൽ നിന്നും പ്രീമിയം കണക്കാക്കി ബന്ധപ്പെട്ട ബാങ്കുകൾ ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നു) |

| | | | |
|---|---|---|---|
| (ബി) | കാർഷിക മേഖലയുടെയും അനുബന്ധ മേഖല-കളുടെയും സമഗ്ര വളർച്ച കൈവരിക്കുന്നതിനായി രാഷ്ട്രീയ കൃഷി വികാസ് യോജന സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | | രാഷ്ട്രീയ കൃഷി വികാസ് യോജന കേരളത്തിൽ 2007-08 മുതൽ നടപ്പിലാക്കി വരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയ വിവധ പ്രവർത്തനങ്ങൾ, അവ-യുടെ ഫലപ്രാപ്തി എന്നിവ അവലോകനം ചെയ്യാ-റുണ്ടോ; എങ്കിൽ വിശ-ദാംശം നൽകാമോ; | | രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ, അവയുടെ ഫലപ്രാപ്തി എന്നിവ അതാത് വകുപ്പുകൾ/ഏജൻസികൾ മുഖാന്തരം അവലോകനം ചെയ്യാറുണ്ട്. മൂന്നാമതൊരു ഏജൻസിയെകൊണ്ടും പദ്ധതി കാലകാലങ്ങളിൽ അവലോകനം ചെയ്യാറുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ & ഇക്കണോമിക് ചെയ്ഞ്ച്, ബാംഗ്ലൂർ, (ISEC, Bangalore) മെയ് 2015-ന് പുറത്തിറക്കിയ പതിനൊന്നാം പഞ്ചവത്സര കാലയളവിലെ 'Impact Evaluation of RKVY - State Report) - ന്റെ പ്രസ്തുത ഭാഗങ്ങൾ താഴെ കൊടുക്കുന്നു.<br>1. പതിനൊന്നാം പഞ്ചവത്സര കാലയളവിൽ കേരളത്തിൽ വളർച്ചാ നിരക്ക് സൂചിപ്പിക്കുന്ന സാമ്പത്തിക സൂചികകളായ ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക അനുബന്ധ മേഖലകളുടെ വളർച്ചാനിരക്ക് (Agricultural GSDP), മൊത്തത്തിലുള്ള ആഭ്യന്തര ഉത്പാദന വളർച്ചാനിരക്ക് (Overall |

| | | | |
|---|---|---|---|
| | | | GSDP), കൃഷി ചെയ്തിടത്തിന്റെ വിസ്തൃതി (net sown area), മൊത്തം കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി (gross cropped area) എന്നിവ കുറഞ്ഞിരിക്കുന്നതായാണ് കണ്ടത്.<br>2. കാർഷികമേഖലയിലെ ചിലവ് 11-ാം പഞ്ചവത്സര കാലയളവിൽ 10-ാം പഞ്ചവത്സര കാലയളവിനെക്കാളും 13.1% വർദ്ധിച്ചിരിക്കുന്നു.<br>3. RKVY – ൽ അനുവദിച്ച ഫണ്ടുകൾ കേരളം പരമാവധി സൂക്ഷമതയോടും ഫലപ്രദമായും ഉപയോഗിച്ചിട്ടുണ്ട്. കൃഷി അനുബന്ധ മേഖലകളുടെ സമഗ്രവികസനം ഇത് മുഖാന്തരം സാദ്ധ്യമായിട്ടുണ്ട്.<br>4. പദ്ധതിയുടെ പ്രധാന നേട്ടമായി ചൂണ്ടികാണിച്ചിരിക്കുന്നത് കാർഷികമേഖലയിലെ തൊഴിൽ ദിനങ്ങളിൽ വന്ന വർദ്ധനവാണ്.<br>5. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് ഊന്നൽ നൽകുക വഴി കാർഷിക വിളകളുടെ ഉത്പാദന വർദ്ധനവും മണ്ണിന്റെ ആരോഗ്യ-പരിപാലനവും കുറഞ്ഞ കൃഷി ചിലവും പാലുൽപാദനത്തിൽ വർദ്ധനവും ഉണ്ടായിട്ടുണ്ട്.<br>6. പഠനം നടത്തിയവരിൽ 28% ഗുണഭോക്താക്കൾ കൃഷി മേഖലയിലും 19% മൃഗസംരക്ഷണമേഖലയിലും 15% |

| | | | |
|---|---|---|---|
| | | | ജലസേചന മേഖലയിലുമാണ് പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയത്.<br>7. കാർഷികമേഖലയിൽ നെൽകൃഷി വികസനത്തിനാണ് കൂടുതൽ ഫണ്ട് ചിലവഴിച്ചത്<br>8. താഴെ പറയുന്ന പോരായ്മകളും റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുണ്ട്.<br>• ജല സംരക്ഷണത്തിന് അധികം പ്രോജക്ടുകൾ ഉണ്ടായിരുന്നില്ല.<br>• വിപണന സൗകര്യമൊരുക്കന്നതിനുള്ള പ്രോജക്ടുകൾ ഉണ്ടായിരുന്നില്ല.<br>• കർഷകർക്ക് പരിശീലനപരിപാടിക്കുള്ള പ്രോജക്ടുകൾ ഉണ്ടായിരുന്നില്ല.<br>12- പഞ്ചവത്സര കാലയളവിന്റെ മൂന്നാമതൊരു ഏജൻസിയുടെ അവലോകന റിപ്പോർട്ട് ലഭിച്ചിട്ട ല്ല. |

സെക്ഷൻ ഓഫീസർ